# കലോൽസവം ഹിറ്റാക്കാൻ അണിയറയിൽ ഇവരുണ്ട്

തിരുവനന്തപുരം ● സംസ്ഥാന കലോൽസവത്തിന്റെ വിജയത്തിനു വേണ്ടി നൂറുകണക്കിനു പേരാണ് അണിയറയിൽ പ്രവർത്തിക്കുന്നത്. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ രാപകലില്ലാതെ അധ്വാനിക്കുകയാണ് അവർ. അധ്യാപകരും ജനപ്രതിനിധികളുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. പ്രതിഫലമൊന്നും ആഗ്രഹിക്കാതെ കുട്ടികളുടെ കലാഭാവിക്കു താങ്ങും തണലുമാകുന്നവർ. വിവിധ കമ്മിറ്റികൾക്കു നേതൃത്വം നൽകുന്നവരും ഇതുവരെ ചെയ്തതും.

**● പ്രോഗ്രാം**

ചെയർമാൻ - വി. ശിവൻകുട്ടി എംഎൽഎ

കൺവീനർ - കെ.പി. സന്തോഷ് കുമാർ

എല്ലാം മുൻ നിശ്ചയിച്ച പ്രകാരം നടക്കുന്നുണ്ട്. ചില വേദികളിൽ മൽസരങ്ങൾ വൈകിയതു വേദിയുടെ ഫിറ്റ്നസ് സംബന്ധിച്ചു മൽസരാർഥികൾക്കുണ്ടായ ആശങ്ക മൂലമാണ്. അതെല്ലാം വേഗത്തിൽ തന്നെ പരിഹരിക്കുന്നുമുണ്ട്. അപ്പീലുകൾ കുറഞ്ഞെന്നതും ശ്രദ്ധേയം.

**● ഫുഡ്**

ചെയർമാൻ - എം.എ. വാഹിദ് എംഎൽഎ

കൺവീനർ - വട്ടപ്പാറ അനിൽകുമാർ

നാലു നേരവും കൂടി ഇരുപതിനായിരത്തിൽ അധികം പേർ തൃപ്തിയോടെ ആഹാരം കഴിച്ചു മടങ്ങുന്നു. രാവിലെ ഏഴു മുതൽ രാത്രി വൈകി രണ്ടു വരെ ഇവിടെ എത്തുന്നവർക്ക് ആഹാരം നൽകും. തുടർന്നുള്ള ദിവസങ്ങളിലും തിരക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇത്രയും ദിവസം തുടർച്ചയായി ഇത്രയും വലിയ അളവിൽ ഭക്ഷണം ഒരുക്കാൻ കഴിയുന്നതു നൂറു കണക്കിന് ആളുകളുടെ കൂട്ടായ പരിശ്രമം കൊണ്ടാണ്.



**● റിസപ്ഷൻ**

ചെയർമാൻ - കെ. മുരളീധരൻ എംഎൽഎ

കൺവീനർ - എൻ.എ. സലീം ഫറൂഖി

സമാപന സമ്മേളനത്തിനു വേണ്ട ഒരുക്കൾ പൂർത്തിയായിവരുന്നു. സിനിമാനടന്മാരായ നിവിൻ പോളി, സുരാജ് വെഞ്ഞാറമൂട് എന്നിവർ ഉൾപ്പെടെയുള്ളവരെ ക്ഷണിച്ചുകഴിഞ്ഞു. ഉദ്ഘാടന സമ്മേളനം വൻ വിജയമായിരുന്നു. കലോൽസവ വേദിയിൽ എത്തുന്ന വിവിഐപികളെ സ്വീകരിക്കുന്നതും തുടരുന്നു.

**● റജിസ്ട്രേഷൻ**

ചെയർമാൻ - ജമീല പ്രകാശം എംഎൽഎ

കൺവീനർ - ഇഗ്നേഷ്യസ് തോമസ്

കലോൽസവം തുടങ്ങി രണ്ടാം ദിനം തന്നെ റജിസ്ട്രഷൻ പൂർത്തിയാക്കി. മൽസരാർഥികൾ ഹാജരാക്കുന്നതും സംഘാടക സമിതിയുടെ പക്കലുള്ളതുമായ രേഖകൾ ഒത്തുനോക്കുന്ന ജോലികളാണു പ്രധാനമായും നടത്തിയത്. ഇടയ്ക്കു സോഫ്റ്റ്‌വെയർ തകരാർ ഉണ്ടായെങ്കിലും ഉടൻ തന്നെ പരിഹാരം കണ്ടു.

**● അക്കോമഡേഷൻ**

ചെയർമാൻ - ബീമാപള്ളി റഷീദ്

കൺവീനർ - എം.എം. ജിജിമോൻ

എല്ലാ വർഷവും കലോൽസവ സമിതി വിദ്യാർഥികൾക്കു താമസസൗകര്യം ഏർപ്പെടുത്തുമെങ്കിലും ചെറിയൊരു ശതമാനം പേർ മാത്രമേ അത് ഉപയോഗിക്കാറുള്ളു. എന്നാൽ ഇക്കുറി രണ്ടായിരത്തിൽ അധികം വിദ്യാർഥികൾക്കാണു നഗരത്തിലെ പല സ്കൂളുകളിലായി താമസസൗകര്യം ഒരുക്കിയത്.

**● പബ്ലിസിറ്റി**

ചെയർമാൻ - വി. ശശി എംഎൽഎ

കൺവീനർ - കെ. ബുഹാരി

കലോൽസവം തുടങ്ങുന്നതിനു വളരെ മുൻപു തന്നെ ജോലി തുടങ്ങിയിരുന്നു. തെക്കേ അറ്റത്താണു നടത്തുന്നതെങ്കിലും സംസ്ഥാനം മുഴുവൻ കലോൽസവത്തിന്റെ ലഹരിയിലാണ്. എല്ലാ മാധ്യമങ്ങളെയും സജീവമാക്കിനിർത്താൻ കമ്മിറ്റിക്കു കഴിയുന്നുണ്ട്. പുതുതലമുറ മാധ്യമങ്ങളിലും കലോൽസവം ലൈവായി തന്നെ എത്തിക്കുന്നതിലും കമ്മിറ്റി വിജയിച്ചു.

**● ഫിനാൻസ്**

ചെയർമാൻ - പാളയം രാജൻ

കൺവീനർ - ആർ.എസ്. സുനിൽകുമാർ

20 സബ് കമ്മിറ്റികൾക്ക് ഇതിനകം തന്നെ 75% ഫണ്ട് നൽകിക്കഴിഞ്ഞു. ഓരോ സമിതിയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം രണ്ടു ഘട്ടമായാണ് ഇതു നൽകിയത്. ഇതുവരെ 96.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ആർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ അതേസമയം ഒന്നിനും ഒരു കുറവും വരുത്താതെ പരമാവധി ചെലവു ചുരുക്കിയാണ് കമ്മിറ്റിയുടെ പ്രവർത്തനം.

**● സ്റ്റേജ് ആൻഡ് പന്തൽ**

ചെയർമാൻ - വർക്കല കഹാർ എംഎൽഎ

കൺവീനർ - നിസാം ചിതറ

മുൻ വർഷങ്ങളെക്കാൾ വ്യത്യസ്തമായി ഇക്കുറി കൂടുതൽ പന്തലുകൾ നിർമിക്കേണ്ടിവന്നു. സാംസ്കാരിക പരിപാടിയും പ്രദർശനവും ഒക്കെ മേളയുടെ ഭാഗമായി സംഘടിപ്പിക്കാൻ വേണ്ടിയായിരുന്നു ഇത്. പരമ്പരാഗത ശൈലിയിൽ തന്നെ പ്രധാന വേദിയും ആഹാരപ്പന്തലും ഒക്കെ തയാറാക്കാനായി. തൈക്കാട് എൽപിഎസ്, ഹോളി ഏഞ്ചൽസ് കോൺവന്റ് തുടങ്ങിയ സ്കൂളുകളിലും പന്തൽ ഒരുക്കിയിരുന്നു.

**● ലോ ആൻഡ് ഓർഡർ**

ചെയർമാൻ - ഷൈലജ ബീഗം (ജില്ലാ പഞ്ചാ. വൈസ് പ്രസിഡന്റ്)

കൺവീനർ - ഷൈജു

പൊലീസ് പ്രത്യേകം പരിശീലിപ്പിച്ച വിദ്യാർഥികളെ 'ഫെസ്റ്റ് ഫോഴ്സ്' എന്ന പേരിൽ മൂന്നു ഷിഫ്റ്റായി ലോ ആൻഡ് ഓർഡർ നിയന്ത്രിക്കാൻ വിനിയോഗിച്ചിട്ടുണ്ട്. ഇവർക്കു പുറമെ എൻഎസ്എസ്, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻസിസി എന്നിങ്ങനെയുള്ളവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. ട്രാഫിക്, പാർക്കിങ്, മറ്റു നിയന്ത്രണം ഇതൊക്കെ ഇവരുടെ കൈകളിൽ ഭദ്രം. പൊലീസിന്റെ സേവനം ഇതിനു പുറമെയാണ്.

**● ട്രോഫി**

ചെയർമാൻ - കൃഷ്ണവേണി

കൺവീനർ - എൻ.എൽ. സുധീഷ് കുമാർ

ട്രോഫി മേഖല സജീവമാണ്. സർട്ടിഫിക്കറ്റ് വിതരണം വളരെ വേഗത്തിൽ നടന്നുവരുന്നു. മോഡൽ സ്കൂൾ സ്വാഗതസംഘം ഓഫിസിനോടു ചേർന്നാണ് ഈ കമ്മിറ്റി പ്രവർത്തിക്കുന്നത്. പരാതികൾക്ക് ഇടനൽകാതെയാണ് ഈ കമ്മിറ്റി ഇതുവരെ പ്രവർത്തിക്കുന്നത്.

**● മീഡിയ**

ചെയർമാൻ - ആർ. അജിത് കുമാർ

കൺവീനർ - ജി. സുനിൽകുമാർ

കലോൽസവത്തെ കേരളത്തിന്റെ മുഴുവൻ ഉൽസവമാക്കി മാറ്റിയതു മാധ്യമങ്ങളാണ്. വാർത്തകൾ എത്തിച്ചും അതിനുള്ള സൗകര്യങ്ങൾ ഒരുക്കിയും കമ്മിറ്റി കലോൽസവത്തിൽ സജീവമാണ്. മാധ്യമ പുരസ്കാരങ്ങൾ നൽകുന്നതിനു വേണ്ടി ക്രമീകരണങ്ങളും പുരോഗമിക്കുന്നുണ്ട്.

**● എക്സിബിഷൻ**

ചെയർമാൻ - ആർ. സെൽവരാജ് എംഎൽഎ

കൺവീനർ - എസ്. ശശികുമാർ

കലോൽസവത്തിന്റെ മാറ്റ് കൂട്ടാൻ പ്രദർശനത്തിനു കഴിഞ്ഞിട്ടുണ്ട്. രാവിലെ ഒൻപതു മുതൽ രാത്രി ഒൻപതു പത്തു മണി വരെ ജനങ്ങൾ ഒരുപോലെ സന്ദർശിക്കുന്നുണ്ട്. വരും ദിവസങ്ങളിലും തിരക്ക് പ്രതീക്ഷിക്കുന്നു.

**● ട്രാൻസ്പോർട്ട്**

ചെയർമാൻ - എ.ടി. ജോർജ് എംഎൽഎ

കൺവീനർ - എ.കെ. അജീബ്

ട്രാൻസ്പോർട്ട് ഉഷാറാണ്. റൂട്ട് മാപ്പ് മുൻകൂട്ടി ഇറക്കിയതു കാര്യങ്ങൾ എളുപ്പമാക്കി. റയിൽവേ സ്റ്റേഷനിൽ നിന്നു പ്രത്യേക സർവീസ് ഏതു സമയത്തും ലഭ്യമാണ്. രാവിലെ കുട്ടികളെ വിവിധ വേദികളിൽ എത്തിക്കാൻ ഒരേയിടങ്ങളിൽ നിന്നു നാലും അഞ്ചും തവണ ബസ് സർവീസ് നടത്തുന്നുണ്ട്. രാത്രി വൈകിയും സർവീസ് നടത്തുന്നു.

**● വെൽഫെയർ**

ചെയർമാൻ - വി.ജി. ഗിരികുമാർ (കൗൺസിലർ)

കൺവീനർ - പി.വി. ശ്രീകലേശൻ

കുടിവെള്ളം, ആരോഗ്യം എന്നിവയാണു പ്രധാനമായും ക്ഷേമകാര്യ കമ്മിറ്റി കൈകാര്യം ചെയ്യുന്നത്. എല്ലാ വേദിയിലും ചൂടുവെള്ളം നൽകുന്നു. പുത്തരിക്കണ്ടത്തും പൂജപ്പുരയിലും പൊലീസ് അസോസിയേഷനുമായി സഹകരിച്ചാണു ജലം ലഭ്യമാക്കുന്നത്. വേദികളെ അഞ്ചു സോണായി തിരിച്ച് ആംബുലൻസ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വേദികളിലും ആരോഗ്യ വിദഗ്ധരുടെ ഒരു ടീം തന്നെ ക്യാംപ് ചെയ്യുന്നുണ്ട്.

**● കൾച്ചറൽ പ്രോഗ്രാം**

ചെയർമാൻ - വി.കെ. മധു (ജില്ലാ പഞ്ചായത്ത് പ്രസി)

കൺവീനർ - അബ്ദുൽ ഹക്കിം

കൾച്ചറൽ പരിപാടികൾക്കു പ്രതീക്ഷിച്ചതിലും അധികം പങ്കാളിത്തം കാണുന്നുണ്ട്. ഗാന്ധി പാർക്കിൽ വൈകുന്നേരങ്ങളിലും അട്ടക്കുളങ്ങര സീമാറ്റ് ഓഡിറ്റോറിയത്തിലുമാണു പരിപാടികൾ. രാവിലെ മുതൽ നടത്തുന്ന ശാസ്ത്ര, കവി സമ്മേളനങ്ങൾ വിജ്ഞാനപ്രദവുമാണ്.

**● ലൈറ്റ് ആൻഡ് സൗണ്ട്സ്**

ചെയർമാൻ - ബി. സത്യൻ എംഎൽഎ

കൺവീനർ - ബി. മനോഹര കുമാർ

വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും കാര്യത്തിൽ ഇതുവരെ പരാതികളില്ല. അതു തന്നെയാണു കമ്മിറ്റിയുടെ വിജയവും. രാത്രികാലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ മിനിറ്റുകൾക്കുള്ളിൽ തന്നെ പരിഹരിക്കുന്നുണ്ട്.

**● പ്രൊസഷൻ**

ചെയർമാൻ - കെ.എസ്. ശബരീനാഥൻ എംഎൽഎ

കൺവീനർ - ജെ.ആർ. സാലു

സംസ്ഥാനം കണ്ണും കാതും കൂർപ്പിച്ചിരുന്ന കലോൽസവത്തിന്റെ തുടക്കത്തിൽ പരാതികൾ ഇല്ലാതെ വർണശബളമായ രീതിയിൽ റാലി സംഘടിപ്പിക്കാൻ കഴിഞ്ഞു.

**● സുവനീർ**

ചെയർമാൻ - കോലിയക്കോട് കൃഷ്ണൻ നായർ എംഎൽഎ

കൺവീനർ - ഡോ. എസ്. ശേഖർ

കലോൽസവ സുവനീറിനു പേരായി - 'പൂത്താലം'. ഒരു മാസത്തിനുള്ളിൽ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സുവനീറിന്റെ കവർ പേജ് സമാപന സമ്മേളനം നടത്തുന്ന ചടങ്ങിൽ പ്രകാശിപ്പിച്ചേക്കും. കലോൽസവം സംബന്ധിച്ച വാർത്തകളും ചിത്രങ്ങളും ശേഖരിക്കുന്നതു പുരോഗമിക്കുന്നു.

**● സംസ്കൃതോൽസവം**

ചെയർമാൻ - എം.ആർ. ഗോപൻ

കൺവീനർ - കെ. കുമാരദാസ്

കലോൽസവത്തിന്റെ ഇടയിൽ സംസ്കൃതോൽസവം മുങ്ങിപ്പോയെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ചു നന്നായി നടക്കുന്നുണ്ട്. കുട്ടികളുടെ പങ്കാളിത്തം വർധിച്ചു. സെമിനാറുകളും ദീപശിഖാ പ്രയാണവുമൊക്കെ സംസ്കൃതോൽസവത്തിന്റെ ഭാഗമായി നടന്നു.

**● അറബിക് കലോൽസവം**

ചെയർമാൻ - രാഖി രവികുമാർ

കൺവീനർ - എം. ഇടവം ഹാലിദ് കുഞ്ഞ്

പ്രദർശനവും സെമിനാറും നന്നായി നടക്കുന്നു. അറബി ഭാഷാ പണ്ഡിതന്മാരായ 15 പേരെ ആദരിച്ചു. വളരെ നന്നായി കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്.


TVM ഡെയ്സ്

മലയാള മനോരമ

മേയ് 05 ചൊവ്വ

മെട്രോ




## വേദികളിൽ ഇന്ന്

**വേദി – 1: പുത്തരിക്കണ്ടം മൈതാനം (ചിലങ്ക)**
ഒപ്പന (എച്ച്എസ്)- 9.00,
സംഘനൃത്തം (എച്ച്എസ്എസ്)- 2.00.

**വേദി – 2: പൂജപ്പുര മൈതാനം (നടനം)**
നാടോടിനൃത്തം (എച്ച്എസ്എസ്)ജി- 9.00,
കോൽക്കളി (എച്ച്എസ്)- 12.00,
നാടോടിനൃത്തം (എച്ച്എസ്)ബി- 3.00

**വേദി – 3: ഗവ. വിമൻസ് കോളജ് ഓഡിറ്റോറിയം (മയൂരം)**
പരിചമുട്ട്കളി (എച്ച്എസ്)- 9.00,
അറബനമുട്ട് (എച്ച്എസ്എസ്)- 2.00.

**വേദി – 4: വിജെടി ഹാൾ, പാളയം (തരംഗിണി)**
മിമിക്രി (എച്ച്എസ്)ബി- 9.00,
കേരളനടനം (എച്ച്എസ്എസ്)ബി- 12.00.

**വേദി – 5: സെന്റ് ജോസഫ്സ് എച്ച്എസ്എസ്**
ഓഡിറ്റോറിയം, ജനറൽ ഹോസ്പിറ്റൽ ജംക്ഷൻ (യവനിക)
വട്ടപ്പാട്ട് (എച്ച്എസ്)- 9.00,
വട്ടപ്പാട്ട് (എച്ച്എസ്എസ്)- 2.00.

**വേദി – 6: ഗവ. ഗേൾസ് എച്ച്എസ്എസ്**
കോട്ടൺഹിൽ (വാനമ്പാടി)
ഉറുദു ഗസൽ ആലാപനം (എച്ച്എസ്)- 4.00,
ഉറുദു ഗസൽ ആലാപനം (എച്ച്എസ്എസ്)- 6.00.



**വേദി – 7: എസ്എംവി മോഡൽ എച്ച്എസ്എസ് (മുദ്ര)**
**അറബിക് കലോൽസവം**
പദ്യംചൊല്ലൽ (അറബിക് എച്ച്എസ്) ജനറൽ- 4.00,
പദ്യംചൊല്ലൽ (അറബിക് എച്ച്എസ്എസ്) ജനറൽ- 6.00.

**വേദി – 8: ഗവ. ഗേൾസ് വി ആൻഡ് എച്ച്എസ്എസ് മണക്കാട് (നാദം)**
**സംസ്കൃതോൽസവം**
ജനറൽ വിഭാഗം മോണോആക്ട് (എച്ച്എസ്എസ്) ജി- 4.00, മോണോആക്ട് (എച്ച്എസ്എസ്)ബി- 6.00.

**വേദി – 9: ഗവ. എപിഎസ് കോട്ടൺഹിൽ**
ഓഡിറ്റോറിയം (നിലാവ്)
സംസ്കൃതോൽസവം കൂടിയാട്ടം എച്ച്എസ് (സംസ്കൃതം)- 9.00

**വേദി – 10: ഗവ. മോഡൽ എച്ച്എസ് എൽപിഎസ്**
തൈക്കാട് (കേളി)
ക്ലാർനെറ്റ്/ബ്യൂഗിൽ (എച്ച്എസ്എസ്)- 9.00,
കഥകളി (എച്ച്എസ്എസ്)ജി സിംഗിൾ-11.00

**വേദി – 11: ഹോളി ഏഞ്ചൽസ് എച്ച്എസ്എസ് (മഴവില്ല്)**
ഉറുദു സംഘഗാനം (എച്ച്എസ്)- 9.00,
കഥാപ്രസംഗം (എച്ച്എസ്എസ്)- 12.00.

**വേദി – 12: പബ്ലിക് ലൈബ്രറി ഹാൾ, പാളയം (തളിര്)**
**അറബിക് കലോൽസവം.**
പ്രസംഗം അറബിക് (എച്ച്എസ്എസ്)- 9.00,
പ്രസംഗം അറബിക്- 11.00, മുഷാറ- 3.00.

**വേദി – 13: ശ്രീസ്വാതി തിരുനാൾ മ്യൂസിക് കോളജ്,**
തൈക്കാട് (മണിവീണ)
മദ്ദളം (എച്ച്എസ്)- 9.00,
തബല (എച്ച്എസ്എസ്)- 12.00,
മദ്ദളം (എച്ച്എസ്എസ്)- 3.00.

**വേദി – 14: ഗവ. ഗേൾസ് എച്ച്എസ്എസ്**
കോട്ടൺഹിൽ അസംബ്ലി ഹാൾ (താളം)

**വേദി – 15: ശിശുക്ഷേമ സമിതി ഹാൾ, തൈക്കാട് (ഗീതം)**
പദ്യംചൊല്ലൽ കന്നട (എച്ച്എസ്)- 9.00,
പദ്യംചൊല്ലൽ കന്നട (എച്ച്എസ്എസ്)- 11.00

**വേദി – 19: സെന്റ് മേരീസ് എച്ച്എസ്എസ് പട്ടം (മേളം)**
ബാൻഡ് മേളം (എച്ച്എസ്)- 9.00.

**സാംസ്കാരികോൽസവം**
അട്ടക്കുളങ്ങര സിമാറ്റ് ഓഡിറ്റോറിയം
മാധ്യമചർച്ച 10.00
ഗാന്ധിപാർക്ക് സ്പെഷൽ സ്കൂൾ കലോൽസവ വിജയികളുടെ കലാപരിപാടി-5.00
ഗോത്രകലകൾ-7.00



ഹയർസെക്കൻഡറി വിഭാഗം ചാക്യാർകൂത്തിൽ മൂന്നാം സ്ഥാനം നേടിയ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് എച്ച്എസ്എസിലെ എ.ആർ.അനന്തകൃഷ്ണൻ.

## ഇനത്തിലും ഫലത്തിലും ചേട്ടനെ അനുകരിച്ച് പെങ്ങൾ !

തിരുവനന്തപുരം ● മൽസരാർഥികൾ പലരെയും അനുകരിക്കുമ്പോൾ രവീണ ചേട്ടനെ അനുകരിക്കുകയായിരുന്നു; മൽസരഫലത്തിൽ! സംസ്ഥാന സ്കൂൾ കലോൽസവത്തിലെ എച്ച്എസ് വിഭാഗം പെൺകുട്ടികളുടെ മൽസരത്തിൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനം നേടിയ രവീണ വിജയാവർത്തനത്തിൽ ചേട്ടനെയും കടത്തിവെട്ടിയിരിക്കുന്നു. കോഴിക്കോട്ട് 2010ൽ നടന്ന കലോൽസവത്തിലാണു രാഹുൽ ഒന്നാംസ്ഥാനം നേടിയത്.

അസഹിഷ്ണുത, ബാർ കോഴ, മുല്ലപ്പെരിയാർ തുടങ്ങിയ വിഷയങ്ങളിലേക്കു വൈവിധ്യമാർന്ന ശബ്ദങ്ങൾ ചേർത്തുവച്ചാണു രവീണ ഒന്നാമതെത്തിയത്. കോഴിക്കോട് ചാലപ്പുറം ഗണപത് ഗേൾസ് എച്ച്എസ്എസിലെ പത്താംക്ലാസ് വിദ്യാർഥിയാണ്. അച്ഛൻ ബാബുവിനും അമ്മ ജ്യോതിപ്രഭയ്ക്കുമൊപ്പം എൻജിനീയറിങ് വിദ്യാർഥിയായ രാഹുലും രവീണയുടെ പ്രകടനം കാണാനെത്തിയിരുന്നു.

## പറയൻതുള്ളൽ അവാർഡ് പടം പോലെ: കലാമണ്ഡലം പ്രഭാകരൻ



തിരുവനന്തപുരം ● ഓട്ടൻതുള്ളൽ മൽസരവേദികളിൽ അപൂർവമാണു പറയൻതുള്ളൽ. പറയൻ, ശീതങ്കൻ തുള്ളലുകൾ തുള്ളിത്തുള്ളി പുറത്തേക്കു തെറിച്ചുപോകാതിരിക്കാൻ കലാമണ്ഡലം പ്രഭാകരനാണ് ഇവയെ കലോൽസവ വേദികളിലേക്കു കൈപിടിച്ചു നടത്തുന്നത്. ഇദ്ദേഹത്തിന്റെ ശിഷ്യർ ഓട്ടൻ, പറയൻ, ശീതങ്കൻ തുള്ളലുകളിൽ മൽസരിക്കുന്നുണ്ട്. നാലു ശിഷ്യരിൽ രണ്ടുപേർ ഓട്ടൻതുള്ളലിലും ഒരാൾ വീതം പറയൻ, ശീതങ്കൻ തുള്ളലുകളിലും മൽസരിക്കുന്നു. ഇന്നലെ നടന്ന ഹൈസ്കൂൾ ആൺകുട്ടികളുടെ ഓട്ടൻതുള്ളലിൽ ഇരുമ്പനം വിഎച്ച്എസ്എസിലെ ബെൻസണ്ണി എ ഗ്രേഡോടെ മൂന്നാം സ്ഥാനത്തെത്തിയതു ഗുരുവിന്റെ പ്രയത്നത്തിനുള്ള അംഗീകാരമായി.. അന്യംനിന്നുപോകുന്ന തുള്ളൽ വിഭാഗങ്ങളെ പിടിച്ചുനിർത്തുന്നതിൽ ഗുരുവിനു നിർബന്ധബുദ്ധി തന്നെയാണ്. ഇന്നു പല പ്രസിദ്ധീകരണങ്ങളിലെയും പറയൻ തുള്ളൽ ചിത്രങ്ങളിൽ ഗുരുവിന്റെ കുട്ടികളുടെ ചിത്രങ്ങളാണ്. വേറെ കിട്ടാനില്ലെന്നും അദ്ദേഹം പറയുന്നു. 'ഇടിപ്പടങ്ങൾ പോലെയാണ് ഓട്ടൻതുള്ളൽ. അവാർഡ് പടം പോലെ പറയൻതുള്ളലും. ഇതിന്റെ മധ്യത്തിലാണു ശീതങ്കന്റെ സ്ഥാനം' -ഗുരു പറഞ്ഞുനിർത്തുന്നു..



മുഹമ്മദ് റിസ്വാൻ ഇംതിയാസ് ആലം

### ഉർദു ഉപന്യാസരചനയിൽ ഒന്നാമതെത്തിയത് ബിഹാർ സ്വദേശി ഇംതിയാസ് ആലം

## കേരളത്തിൽ വന്നില്ലെങ്കിൽ ഞാനും ഒരു ബിഹാർ തൊഴിലാളി!

ഉർദു ഉപന്യാസ രചനയ്ക്കു ജീവിതലക്ഷ്യം എന്ന വിഷയം ലഭിച്ചപ്പോൾ ബിഹാർ സ്വദേശി മുഹമ്മദ് ഇംതിയാസ് ആലം എഴുതിയതു തന്റെ ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടിയാകണം എന്നായിരുന്നു. ഡോക്ടറാകണമെന്ന വലിയ സ്വപ്നം സൂചിപ്പിക്കാതെ തന്നെ മറ്റുള്ളവർക്കു നന്മ ചെയ്യുകയെന്ന തന്റെ ജീവിതലക്ഷ്യം ഇംതിയാസ് എഴുതിത്തീർത്തു. ഫലം വന്നപ്പോൾ എ ഗ്രേഡോടെ ഒന്നാം സ്ഥാനം. ഉർദു കഥാരചനയ്ക്കും ഒന്നാമൻ തന്നെ. ബിഹാറിലായിരുന്നെങ്കിൽ അച്ഛനെപ്പോലെ ഞാനും ഒരു മേസ്തിരിയോ കെട്ടിടനിർമാണത്തൊഴിലാളിയോ ആയിപ്പോയെനെ എന്നും തനിക്ക് എഴുതാനുള്ള കഴിവുണ്ടന്നു പോലും കേരളത്തിലെത്തുന്നതിനു മുൻപ് അറിയില്ലായിരുന്നെന്നും ഇംതിയാസ് പറയുന്നു. 2011ലാണ് ഇംതിയാസ് കേരളത്തിലെത്തിയത്. കോഴിക്കോട് മണാഞ്ചേരി ഓർഫനേജ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയാണ്. വീട്ടിലെ അഞ്ചു മക്കളിൽ മൂന്നുപേരും ഇപ്പോൾ കേരളത്തിലാണ്. മുഹമ്മദിനൊപ്പം മണാഞ്ചേരി ഓർഫനേജ് സ്കൂളിൽ നിന്നു പത്താംക്ലാസുകാരൻ മുഹമ്മദ് റിസ്വാനും എത്തിയിരുന്നു. ഉർദു കവിതാരചന മൽസരത്തിന് എ ഗ്രേഡോടെ രണ്ടാം സ്ഥാനം റിസ്വാനും കിട്ടി.

കശ്മീർ അചാനി ഖുശ്ബു
റത്ത് പാർ ഗവാറാ
മഗർ കേരള ഹൈ
കുദ്റത്ത് കാ നസാരാ

(അഞ്ചു വർഷം മുൻപ് കേരളത്തിലെത്തിയപ്പോൾ ഉർദുവിൽ മുഹമ്മദ് റിസ്വാൻ കേരളത്തെക്കുറിച്ചെഴുതിയ കവിതയാണിത്. കശ്മീർ ഏറ്റവും സുന്ദരമായ സ്ഥലമായിരിക്കും. പക്ഷേ കേരളത്തെപ്പോലെ ദൈവം സൃഷ്ടിച്ചതല്ലല്ലോ എന്നാണ് റിസ്വാന്റെ കവിത.

മുഹമ്മദ് ഇംതിയാസിനും മുഹമ്മദ് റിസ്വാനും കേരളം ദൈവത്തിന്റെ സ്വന്തം നാടു തന്നെയാണ്. അവരുടെ വലിയ സ്വപ്നങ്ങൾക്കു ചിറകു നൽകിയ ദൈവം സൃഷ്ടിച്ച നാട്).